ഉയർത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണമായ സഹകരണവും ആവശ്യമാണ്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സന്നദ്ധതയും സഹകരണവും ഈ കാര്യത്തിൽ അത്യാവശ്യമാണ്. ഈ കാര്യമെല്ലാം കണക്കിലെടുത്ത് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഈ ആശുപത്രിയുടെ നിലവാരത്തെ സംബന്ധിച്ച കാര്യത്തിൽ ഒരു തീരുമാനം എടുക്കുന്നതാണ്.

(6) സ്വർണ്ണത്തൊഴിലാളികൾക്കും മൺപാത്രനിർമ്മാണ തൊഴിലാളികൾക്കുമുള്ള ക്ഷേമനിധി

ശ്രീ. ബി. വിജയകുമാർ: സർ, സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിൽ പെട്ടവരാണ് സ്വർണ്ണത്തൊഴിലാളികളും മൺപാത്ര നിർമ്മാണ തൊഴിലാളികളും. ഇവർ പരമ്പരാഗത തൊഴിൽ വിഭാഗത്തിൽപ്പെട്ടവരാണ്. 1997 മാർച്ച് മാസം 21-ാം തീയതി ഞാൻ ഈ സഭയിൽ സ്വർണ്ണത്തൊഴിലാളികളുടെ ക്ഷേമം ലാക്കാക്കി ഒരു നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുവന്ന ഒരു സബ്മിഷന് മറുപടിയായി ഒരു നിയമം കൊണ്ടുവരുമെന്ന് അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് എനിക്ക് സഭയിൽ ഉറപ്പു നൽകിയിരുന്നതാണ്. ഇന്നുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല. കടകളിൽ ജോലി ചെയ്യുന്നവർ മാത്രമല്ല, സ്വന്തം വീടുകളിൽ വച്ച് സ്വർണ്ണാഭരണങ്ങൾ നിർമ്മിക്കുന്ന ധാരാളം തൊഴിലാളികളുമുണ്ട്. സ്വർണ്ണത്തൊഴിലാളികൾക്ക് വേണ്ടിയും മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കു വേണ്ടിയും ക്ഷേമനിധിയും പെൻഷനുമടക്കമുള്ള ഒരു പദ്ധതി കൊണ്ടു വരണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഈ മേഖലയിൽ നിന്ന് പിരിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. പുതിയ കേന്ദ്ര ഗവൺമെന്റ്, ട്രെയിനിൽ മൺപാത്രങ്ങളിൽ ചായ കൊടുക്കാനുള്ള സംവിധാനം നടപ്പാക്കിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലുള്ള മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സ്ക്കോപ്പുള്ള ഒരു കാലഘട്ടമാണ്. മൺപാത്ര നിർമ്മാണ തൊഴിലാളികളെ ഈ രംഗത്ത് നിലനിർത്തണമെങ്കിൽ അവർക്ക് ക്ഷേമനിധിയും പെൻഷനും മറ്റാനുകൂല്യങ്ങളും നടപ്പാക്കേണ്ടതുണ്ട്. അതുകൊണ്ട് സഭയിൽ ഉറപ്പു നൽകിയതുപോലെ ബഹുമാനപ്പെട്ട ഗവൺമെന്റ് സ്വർണ്ണത്തൊഴിലാളികൾക്കും മൺപാത്രനിർമ്മാണ തൊഴിലാളികൾക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമം കൊണ്ടുവരണമെന്നാണ് ആവശ്യപ്പെടുന്നത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് സമൂഹത്തിലെ ഏറ്റവും ശ്രദ്ധ പതിയേണ്ട രണ്ടു വിഭാഗത്തെ സംബന്ധിച്ചാണ്. കേരളത്തിൽ ധാരാളം സ്വർണ്ണം വിറ്റഴിയുന്നുണ്ടെങ്കിലും സ്വർണ്ണത്തൊഴിലാളികളുടെ ജീവിതം പ്രയാസകരമാണ്. യഥാർത്ഥത്തിൽ കേരളത്തിൽ. ഏറ്റവുമധികം വിറ്റഴിയുന്ന സ്വർണ്ണം ആഗോള കമ്പനികൾ ഉണ്ടാക്കുന്ന സാധനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ രംഗത്ത് ധാരാളം ടാക്സ് വെട്ടിപ്പാണ്.

ശ്രീ. ബാബു ദിവാകരൻ: സ്വർണ്ണം ഉൽപ്പാദിപ്പിക്കുന്നതെല്ലാം അന്താരാഷ്ട്ര കുത്തകകളാണ്. അത് ഏറ്റവും കൂടുതൽ വിറ്റഴിയുന്ന സംസ്ഥാനമാണ് കേരളം. 50-ഓളം വലിയ സ്വർണ്ണക്കടകൾ കേരളത്തിൽ ഉണ്ട്. അതിൽ പണിയെടുക്കുന്ന 50,000-ത്തിൽപ്പരം വരുന്ന തൊഴിലാളികൾ, പ്രയാസകരമായ ജീവിത സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. വളരെ വർഷങ്ങളായി ഞാൻ ഈ തൊഴിലാളികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഒരാളാണ്. കേരളത്തിലെ മൊത്തമുണ്ടായിരുന്ന സ്വർണ്ണത്തൊഴിലാളികളുടെ ട്രേഡ് യൂണിയൻ നേതാവായിരുന്നു എന്റെ പിതാവ്. അഖിലേന്ത്യാ തലത്തിൽ ഇതിന് ട്രേഡ് യൂണിയൻ സംവിധാനമുണ്ട്. അവിടെയും ഈ തൊഴിലാളികൾക്ക് വളരെ പ്രയാസകരമായ സാഹചര്യമാണുള്ളത്. സ്വർണ്ണ കടകളിൽ തൊഴിലാളികളെ നേരിട്ട് ജോലി ചെയ്യിക്കുന്നില്ല. അവർ കാഷ്വൽ ഏർപ്പാടാണ് ചെയ്യുന്നത്. സ്വർണ്ണമുണ്ടാക്കിക്കൊണ്ടു കൊടുത്താൽ അപ്പോൾ അതിന്റെ കൂലി കൊടുക്കും. അവർക്ക് സ്ഥിരമായി തൊഴിലാളി തൊഴിലുടമാ ബന്ധമില്ല. കേരളത്തിലെ പരമ്പരാഗത തൊഴിലാളികളാണ് സ്വർണ്ണത്തൊഴിലാളികൾ. കരവിരുതുള്ളവരാണ് അവർ. സത്യത്തിൽ അവർ കലാകാരന്മാരാണ്. തൊഴിലാളികളല്ല. അത്ര വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളാണ്. അവർക്ക് ഒരു സംവിധാനവുമില്ല. ഇതിനെ സംബന്ധിച്ച് ഇതിനു മുമ്പും പല പ്രാവശ്യം സഭ ചർച്ച ചെയ്തിട്ടുള്ളതാണ്. സ്വർണ്ണത്തൊഴിലാളികൾക്ക് വേണ്ടി എം.എൽ.എ. അടക്കമുള്ള ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തശേഷം ലേബർ വെൽഫയർ ഫണ്ടിന്റെ കീഴിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് ഈ നിയമസഭാ സമ്മേളന കാലത്ത്തന്നെ ബിൽ അവതരിപ്പിക്കുന്നതാണ്. കളിമൺ വ്യവസായത്തിലെ തൊഴിലാളികളും ഇതുപോലെ പരമ്പരാഗത തൊഴിലാളികളാണ്. കളിമൺ പാത്രങ്ങളുടെ ഉപയോഗം വളരെ കുറഞ്ഞിട്ടുണ്ട്. ഇപ്പോഴെല്ലാം സ്റ്റീലും അലോയിയുമാണ്. എന്നാൽ റെയിൽവേ സ്റ്റേഷനിൽ മാത്രമല്ല, കേരളത്തിൽ പ്രവർത്തിക്കുന്ന പഞ്ചനക്ഷത്ര ഹോട്ടലുകളിലും മറ്റും ഇക്കോ ഫ്രെണ്ട്ലിയായി കളിമൺ പാത്രങ്ങളിലാണ് കറികളൊക്കെ വിളമ്പുന്നത്. അതുപോലെ ഹോട്ടൽ മുറികളിലൊക്കെ പരിശോധിച്ചാൽ കളിമൺ പാത്രങ്ങൾ കാണാം. ഇക്കോ ഫ്രണ്ട്ലിയായിട്ടുള്ള ഒരു കാര്യം തിരിച്ചുവന്നുകൊണ്ടിരിക്കുയാണ്. ആ മേഖലയിൽ പണിയെടുക്കുന്ന കളിമൺ പാത്ര നിർമ്മാണ തൊഴിലാളികൾക്കും ഇതുപോലെ അനുകൂലമായ സാഹചര്യം ഉണ്ടാക്കുന്നതിന്, ക്ഷേമപദ്ധതി ആവിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly